"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി, പീരുമേട് വില്ലേജിൽ ഉൾപ്പെട്ട 4.31 ഏക്കർ ഭൂമിയുടെ ഉപയോഗാനുമതി, സാംസ്കാരിക വകുപ്പിന് കൈമാറി നൽകിയ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട്, പകരം കണ്ടെത്തിയിട്ടുള്ള, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പ്പെട്ട 4 ഏക്കർ ഭൂമിയുടെ ഉപയോഗവും കൈവശാനുഭവും സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം സാംസ്കാരിക വകുപ്പിന് കൈമാറി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എ)വകുപ്പ്**

സ.ഉ.(കൈ) നം.119/2025/RD തീയതി,തിരുവനന്തപുരം, 03-05-2025

---

പരാമർശം:- 1. സ.ഉ(കൈ)81/2018/റവ. തീയതി 05.03.2018.

2. ഇടുക്കി ജില്ലാ കളക്ടറുടെ 09.08.2021 ലെ DCIDK/3191/2018-C9 നം കത്ത്.

3. ലാന്റ് റവന്യൂ കമ്മീഷണറുടെ 20.01.2025 ലെ LR/538/2025-LR(K2) നം കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ, പീരുമേട് താലൂക്കിൽ, പീരുമേട് വില്ലേജിൽ സർവ്വെ നം 176/185 പാർട്ട്, 186 പാർട്ട്, 197 പാർട്ട്, 200 പാർട്ട്, 201 പാർട്ട് എന്നിവയിൽ ഉൾപ്പെട്ട 4.31 ഏക്കർ സ്ഥലം അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത സ്ഥലം ടി പദ്ധതി പോലെയുള്ള സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനു അനുയോജ്യമല്ലായെന്ന് പദ്ധതി നിർമ്മാണത്തിനായി ഏൽപ്പിച്ച ഏജൻസി അറിയിച്ചതിനാൽ ടി പദ്ധതിയ്ക്കായി മറ്റൊരു സ്ഥലം കണ്ടെത്തണമെന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നതിൻ പ്രകാരം പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്യുന്നതിനായി ഇടുക്കി ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

3. ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പെട്ട 4 ഏക്കർ (01.6197 H) ഭൂമി സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി കണ്ടെത്തുകയും സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി സാംസ്കാരിക വകുപ്പിന് ടി ഭൂമി കൈമാറുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം ശുപാർശ സമർപ്പിക്കുകയുമുണ്ടായി. സർവ്വേ 161/1 ൽ പെട്ട സ്ഥലത്തിന് ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം ആർ ഒന്നിന് 4,88,400/- രൂപ വില കണക്കാക്കാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിൽ, പീരുമേട് താലൂക്കിൽ, പീരുമേട് വില്ലേജിൽ ഉൾപ്പെട്ട 4.31 ഏക്കർ സ്ഥലം അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കിയും, പകരം കണ്ടെത്തിയിട്ടുള്ള ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പെട്ട 4 ഏക്കർ (01.6197 H) ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, ഭൂമിയുടെ ഉപയോഗവും കൈവശാനുഭവും സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം താഴെ പറയുന്ന നിബന്ധനകളോടെ സാംസ്കാരിക വകുപ്പിന് കൈമാറിയും ഇതിനാൽ

ഉത്തരവാകുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി പാട്ടത്തിനു / ഉപപാട്ടത്തിനു / തറവാടകയ്ക്ക് നൽകുവാനോ പാടില്ല;

iv) ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും സാംസ്കാരിക വകുപ്പ് തന്നെ സംരക്ഷിച്ച നിർത്തേണ്ടതാണ്;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷത്തൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതുമാണ്;

vi) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;

Vii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ),കേരള,തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, ഇടുക്കി.
4. സാംസ്കാരിക വകുപ്പ് (എ2/202/2017-സാം.കാ.വ, തീയതി 28.02.2025)
5. വിവര പൊതുജന സമ്പർക്ക(വെബ്&ന്യൂ മീഡിയ)വകുപ്പ്
6. പൊതുഭരണ(എസ്.സി)വകുപ്പ് (ഇനം നം.2910, തീയതി 30.04.2025)
6. കരുതൽ ഫയൽ (എ2/186/2023)
7. സ.ഉ(കൈ)81/2018/റവ, തീയതി 05.03.2018 -തീർപ്പ ഫയലിലേയ്ക്കായി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Prathapachandran S
Date: 03-05-2025 16:15:50

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 30-04-2025

ഫയൽ നം. എ2/186/2023/റവ. ഇനം നം: 2910

വിഷയം : റവന്യൂ വകുപ്പ് - ഇടുക്കി ജില്ലയിൽ ശ്രീമതി. അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി, 4.31 ഏക്കർ ഭൂമിയുടെ ഉപയോഗാനുമതി, സാംസ്കാരിക വകുപ്പിന് കൈമാറി നൽകിയ 05.03.2018-ലെ സ.ഉ.(കൈ)81/2018/റവ. നമ്പർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട്, ടി സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേക്കായി ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1-ൽ പ്പെട്ട 4 ഏക്കർ ഭൂമിയുടെ കൈവശാവകാശം സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം നിബന്ധനകളോടെ സാംസ്കാരിക വകുപ്പിന് കൈമാറി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

2910

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എ 2/186/2023/റവ. |
| 2. | വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | : | ഇടുക്കി ജില്ലയിൽ ശ്രീമതി.അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി, 4.31 ഏക്കർ ഭൂമിയുടെ ഉപയോഗാനുമതി, സാംസ്കാരിക വകുപ്പിന് കൈമാറി നൽകിയ 05.03.2018 ലെ സ.ഉ(കൈ)81/2018/റവ നമ്പർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട്, ടി സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പെട്ട 4 ഏക്കർ ഭൂമിയുടെ കൈവശാവകാശം സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം നിബന്ധനകളോടെ സാംസ്കാരിക വകുപ്പിന് കൈമാറി നൽകുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 07/04/2025 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അല്ല |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്, സാംസ്കാരിക വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.സ്നേഹലത കെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ആർ.ജ്യോതിലാൽ |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/04/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.04.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28/04/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29/04/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

ശ്രീമതി.അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുനാതിലേയ്ക്കായി, ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ ഉൾപ്പെട്ട 4.31 ഏക്കർ ഭൂമിയുടെ ഉപയോഗാനുമതി, സാംസ്കാരിക വകുപ്പിന് കൈമാറി നൽകിയ 05.03.2018-ലെ സ.ഉ(കൈ)81/2018/റവ നമ്പർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട്, ടി സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പ്പെട്ട 4 ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം നിബന്ധനകളോടെ സാംസ്കാരിക വകുപ്പിന് കൈമാറി നൽകുന്നതു സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ സർവ്വെ നം 176/185 പാർട്ട്, 186 പാർട്ട്, 197 പാർട്ട്, 200 പാർട്ട്, 201 പാർട്ട് എന്നിവയിൽ ഉൾപ്പെട്ട 4.31 ഏക്കർ സ്ഥലം ശ്രീമതി.അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി 05.03.2018 ലെ സ.ഉ(കൈ)81/2018/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സ്ഥലം ടി പദ്ധതി പോലെയുള്ള സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനു അനുയോജ്യമല്ലായെന്ന് പദ്ധതി നിർമ്മാണത്തിനായി ഏൽപ്പിച്ച ഏജൻസി അറിയിച്ചതിനാൽ ടി പദ്ധതിയ്ക്കായി മറ്റൊരു സ്ഥലം കണ്ടെത്തണമെന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. തുടർന്ന് ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പെട്ട 4 ഏക്കർ (01.6197 H) ഭൂമി സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി ഇടുക്കി ജില്ലാ കളക്ടർ കണ്ടെത്തുകയും സാംസ്കാരിക വകുപ്പ് ഡയറക്ടർ അർത്ഥനാപത്രം സമർപ്പിയ്ക്കുകയും ചെയ്തു. സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി സാംസ്കാരിക വകുപ്പിന് ടി ഭൂമി കൈമാറുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.സർവ്വേ 161/1 ൽ പെട്ട സ്ഥലത്തിന് ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം ആർ ഒന്നിന് 4,88,400/- രൂപ വില കണക്കാക്കാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 05.03.2018 ലെ മേൽ ഉത്തരവ് റദ്ദ് ചെയ്യുന്നതിനായുള്ള പ്രൊപ്പോസൽ ഇടുക്കി ജില്ലാ കളക്ടർ സമർപ്പിക്കുകയും ചെയ്തിരുന്നു.

4. ഈ വിഷയത്തിൽ സാംസ്കാരിക വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കിയിരുന്നു.

"ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ ഉൾപ്പെട്ട 4.31 ഏക്കർ സ്ഥലം അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി 05.03.2018 ലെ സ.ഉ(കൈ)81/2018/റവ പ്രകാരം സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകിയെങ്കിലും പ്രസ്തുത സ്ഥലം സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനു അനുയോജ്യമല്ല എന്നതിനാൽ ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതിനായുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഇതിനു ശേഷം, പുതുതായി കണ്ടെത്തിയിട്ടുള്ള ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പെട്ട 4 ഏക്കർ ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച തുടർ നടപടി സ്വീകരിക്കാവുന്നതാണെന്ന് ആ വകുപ്പിനെ അറിയിയ്ക്കാവുന്നതുമാണ്.

ഇതിന് ബഹു.സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5. ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ സർവ്വെ നം 176/185 പാർട്ട്, 186 പാർട്ട്, 197 പാർട്ട്, 200 പാർട്ട്, 201 പാർട്ട് എന്നിവയിൽ ഉൾപ്പെട്ട 4.31 ഏക്കർ സ്ഥലം ശ്രീമതി അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി മന്ത്രിസഭയുടെ അംഗീകാരത്തോടെ പുറപ്പെടുവിച്ച 05.03.2018 ലെ സ.ഉ(കൈ)81/2018/റവ നമ്പർ ഉത്തരവ് റദ്ദ് ചെയ്യുതിനു ശേഷം, ടി സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി പകരം കണ്ടെത്തിയിട്ടുള്ള ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പെട്ട 4 ഏക്കർ (01.6197 H) ഭൂമിയുടെ കൈവശാവകാശം സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം സാംസ്കാരിക വകുപ്പിന് കൈമാറി നൽകാവുന്നതാണോയെന്നതിൽ ഉത്തരവിലേയ്ക്കായി ഫയൽ ചംക്രമണം ചെയ്യപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ ഉൾപ്പെട്ട 4.31 ഏക്കർ സ്ഥലം ശ്രീമതി.അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി 05.03.2018 ലെ സ.ഉ(കൈ)81/2018/റവ നമ്പർ ഉത്തരവായെങ്കിലും പ്രസ്തുത സ്ഥലം അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനാൽ 05.03.2018 ലെ ടി ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് പകരം കണ്ടെത്തിയിട്ടുള്ള ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 ൽ പെട്ട 4 ഏക്കർ (01.6197 H) ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം താഴെ പറയുന്ന നിബന്ധനകളോടെ ടി സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി സാംസ്കാരിക വകുപ്പിന് കൈമാറി നൽകാവുന്നതാണോ?

**നിബന്ധനകൾ**

I) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii). ഭൂമി പാട്ടത്തിനു / ഉപപാട്ടത്തിനു / തറവാടകയ്ക്കു നൽകുവാനോ പാടില്ല;

iv) ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും സാംസ്കാരിക വകുപ്പ് തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷത്തൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതുമാണ്;

vi) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;

Vii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് സർവ്വെ നമ്പർ 176/185pt, 186pt, 197pt, 200 പാർട്ട്, 201 പാർട്ട് എന്നീ സർവ്വെ നമ്പർപ്പെട്ട 2.0841 ഹെക്ടർ വസ്തുവിൽ, നിന്നും 4.31 ഏക്കർ, ശ്രീമതി.അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## റവന്യൂ(എ) വകുപ്പ്

സ.ഉ. (കൈ)നം.81/2018/റവ തീയതി, തിരുവനന്തപുരം, 05/03/2018

---

പരാമർശം

1) സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ 31/10/2016-ലെ 815634/എ 2/2016 നമ്പർ കുറിപ്പ്

2) ഇടുക്കി ജില്ലാ കളക്ടറുടെ 14/7/2017-ലെ C9-42035/16-ാം നമ്പർ കത്ത്.

3) ലാന്റ് റവന്യൂ കമ്മീഷണറുടെ 1/8/2017 ലെ എൽ.ആർ.കെ2-37293/2017 നമ്പർ കത്ത്.

## ഉത്തരവ്

2016-17 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ സാംസ്കാരിക വകുപ്പിൻ കീഴിൽ കേരള നവോത്ഥാന നായകരുടെ പേരിൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സാംസ്കാരിക സമുച്ചയങ്ങൾ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ച് നിർമ്മിക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിരുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ല ഇടുക്കി ജില്ലയിൽ, പീരുമേട് താലൂക്കിൽ, പീരുമേട് വില്ലേജിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് സർവ്വെ നമ്പർ 176/185pt, 186pt, 197pt, 200 പാർട്ട്, 201 പാർട്ട് എന്നീ സർവ്വെ നമ്പരിൽപ്പെട്ട 2.0841 ഹെക്ടർ വസ്തുവിൽ നിന്നും 4.31 ഏക്കർ, ബി.ടി.ആർ പ്രകാരം സർക്കാർ പുറമ്പോക്ക് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ടി സ്ഥലത്തിന് സെന്റൊന്നിന് 1,25,000/- രൂപ നിരക്കിൽ 5,38,75,000/- (അഞ്ച് കോടി മുപ്പത്തെട്ടുലക്ഷത്തി എഴുപത്തി ആയ്യായിരം രൂപ) വില നിശ്ചയിച്ചിട്ടുള്ളതാണെന്നും ടി 4.31 ഏക്കർ സ്ഥലം സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പിന് കൈമാറാവുന്നതാണെന്നുമുള്ള ജില്ലാ കളക്ടറുടെ ശുപാർശ ലാന്റ് റവന്യൂ കമ്മീഷണർ അംഗീകരിച്ച് പരാമർശം 3-ലെ കത്തു പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. ഭൂമി കൈമാറ്റത്തിനുള്ള പ്രൊഫോർമ്മ, സ്കെച്ച്, മഹസ്സർ, ബി.റ്റി.ആർ പകർപ്പ് എന്നിവയും പ്രസ്തുത കത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിൽ, പീരുമേട് താലൂക്കിൽ, പീരുമേട് വില്ലേജിൽ സർവ്വെ നമ്പർ 176/185pt, 186pt, 197pt, 200pt, 201 പാർട്ടിൽ ഉൾപ്പെട്ട 4 ഏക്കർ 31 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ചുവടെപ്പറയുന്ന നിബന്ധനകൾക്കും സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും വിധേയമായി ശ്രീമതി. അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

2. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല.

3. ഭൂമി പാട്ടത്തിന് / ഉപപാട്ടത്തിന് / തറവാടകക്ക് നൽകുവാനോ ദുരുപയോഗപ്പെടുത്തുവാനോ പാടില്ല

4. ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സാംസ്കാരിക വകുപ്പ് തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്.

3. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം സ്ഥലം പൂർണ്ണമായും ചമയങ്ങളടക്കം നഷ്ടപരിഹാരം കൂടാതെ റവന്യൂ വകുപ്പിൽ തിരികെ നിക്ഷിപ്തമാക്കുന്നതാണ്.

4. ഇടുക്കി ജില്ലാ കളക്ടർ ഇതു സംബന്ധിച്ച നിയമാനുസൃത അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പി.എച്ച്.കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, ഇടുക്കി.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. ധനകാര്യ വകുപ്പ് (E(636955) No.EXP-A2/542/2017-FIN.)
6. പൊതുഭരണ (എസ്.സി) വകുപ്പ്
   (തീയതി 27-02-2018 ലെ മന്ത്രിസഭായോഗത്തിന്റെ ഇനം.നമ്പർ 1952 )
7. സാംസ്കാരിക വകുപ്പ്
8. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ